H



शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

# വാർഷിക മൂല്യനിർണയം 2014-15

## മലയാളം

സ്റ്റാൻന്റേർഡ് : V    കേരള പാഠാവലി    സമയം : 2 മണിക്കൂർ

---

നിർദ്ദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

---

പ്രവർത്തനം 1. ആസ്വാദനക്കുറിപ്പ്

കമ്മലിനൊക്കും പൂവുകൾ, ചാരേ
നിർമല വെള്ളപ്പട്ടിലകൾ,
ചില്ലകൾ തോറും നൂറുകണക്കിനു
നല്ല പതുത്തൊരു പച്ചിലകൾ,
വെള്ളിലവള്ളിയിതെല്ലാം ചാർത്തി -
ത്തുള്ളി രസിച്ചു തിമിർക്കുമ്പോൾ
ഉള്ളിലസൂയപ്പെട്ടു വാടി-
ക്കുള്ളിലനേകം പൂച്ചെടികൾ
മന്ദമണഞ്ഞു വനികയിലേക്കൊരു
സുന്ദരിയാം ചെറുപൂമ്പാറ്റ,
ചേതോഹരമായ് വായുവിൽ നീന്തിടു -
മേതോ ദേവതയെന്നോണം,
മന്നിതിലേക്കു വിരുന്നു വരുന്നൊരു
മഴവില്ലിന്മകളെന്നോണം
'വരികെ'ന്നവളെ വിളിച്ചു, വീശും
ചെറുചില്ലകളാൽ പൂച്ചെടികൾ

മുകളിൽ കൊടുത്തത് വായിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ വരുന്നതെന്തൊക്കെയാണ്?. ഭാഷാപരമായ സവിശേഷതകൾ കൂടി ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

പ്രവർത്തനം 2. കഥാപാത്ര നിരൂപണം

> മുത്തശ്ശി ചിരിച്ചു. "ദേവു ഒക്കെ മരിച്ചുപോയി. ഇനി ഞാൻ മാത്രമേ ജീവിച്ചിരിക്ക്ണുള്ളൂ. എന്റെ കൂടെണ്ടായ്രുന്നോരൊക്കെ പോയി. കാർത്തു,വടക്കേമുറി ചിന്നമ്മു,മാരാത്തെ കുഞ്ഞു ഇവരൊക്കേർന്നു മുത്തശ്ശീടെ കൂട്ടക്കാർ...."
>
> "അവരൊക്കെ മരിച്ചോ?"
>
> "ഉം."
>
> "ഇപ്പോ മുത്തശ്ശിക്ക് ആരൂല്യ, ഊവ്വോ ഫ്രണ്ടായിട്ട് ?"
>
> 'എനിക്ക് മുത്തശ്ശിയോട് കലശലായ അനുകമ്പതോന്നി. ഞാൻ അവരുടെ അടുത്തേക്ക് ചെന്ന് അവരുടെ അരക്കെട്ടു കെട്ടിപ്പിടിച്ചു. മുത്തശ്ശിക്ക് ഞാനില്ല്യേ? ഞാൻ ചോദിച്ചു.

എ). പ്രശസ്ത കഥാകാരി മാധവിക്കുട്ടിയുടെ 'വേനലിന്റെ ഒഴിവ് 'എന്ന കഥയിലെ മുത്തശ്ശിയെ പരിചയപ്പെട്ടല്ലോ. മുത്തശ്ശിയുടെ സ്വഭാവ സവിശേഷതകൾ ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

ബി) മുകളിൽ കൊടുത്ത ഭാഗത്ത് മുത്തശ്ശിയുമായി സംഭാഷണം നടത്തുന്നതാരാണ്?

പ്രവർത്തനം 3. വിശകലനക്കുറിപ്പ്

> 'ഞാനങ്ങനെ ആഭരണമണിഞ്ഞിട്ടില്ല . അതുകൊണ്ടാണ് ആധാരപ്പെട്ടിയേറ്റിയത്'.

എ).മുട്ടസ്സു നമ്പൂതിരിയുടെ ഈ വാക്കുകൾ 'അൽപന് അർഥം കിട്ടിയാൽ അർധരാത്രിയിലും കുടപിടിക്കും'- എന്ന ചൊല്ലുമായി ബന്ധപ്പെടുത്തി വിശകലനക്കുറിപ്പ് തയ്യാറാക്കുക.

ബി). ഉചിതമായ ചിഹ്നം ചേർക്കുക.

കഷ്ടം ആരാണിതു ചെയ്തത്

പ്രവർത്തനം 4 - പ്രസംഗം

> 'കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമുള്ള എല്ലാ മൃഗങ്ങളും കൂടി ആ സൗഹൃദത്തടാകത്തിൽ നിന്ന് വെള്ളം കുടിച്ചു. അവിടെത്തന്നെ കിടന്നുറങ്ങി. ദൈവത്തിന്റെ അനൽപമായ സ്നേഹം പോലെ നിലാവ് അവരെ തഴുകി.'

എ). 'മയിൽപ്പീലി സ്പർശം' എന്ന കഥയിലെ 'സൗഹൃദത്തടാകം' നമ്മെ ഒന്നായിക്കാണുന്ന പ്രകൃതി ഭാവത്തിന്റെ ഏറ്റവും സുന്ദരമായ പ്രയോഗമാണ്. എന്നാൽ ഇതൊന്നും മനസ്സിലാക്കാതെയാണ് മനുഷ്യർ പെരുമാറുന്നത്. സൗഹൃദത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു പ്രസംഗം തയ്യാറാക്കുക.

ബി). പദം വേർതിരിച്ചെഴുതുക.

ഉരുളുകയായിരുന്നു.

**പ്രവർത്തനം 5 – ജീവചരിത്രക്കുറിപ്പ്**

"ഫലിതത്തിൻ തൈലം പകർന്നു കുഞ്ചൻ
നിലവിളക്കൊന്നു കൊളുത്തി വെച്ചു".

'മലയാളനാടേ ജയിച്ചാലും 'എന്ന കവിതയിലെ വരികളാണിത്. ഇതിൽ സൂചിപ്പിച്ചിരിക്കുന്ന കവിയെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന വിവരങ്ങളും കൂടി ഉൾപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.